**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3423** | **05-08-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ കേരളം കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ കേരളം കൈവരിച്ച നേട്ടങ്ങളെ കേന്ദ്രസർക്കാർ അഭിനന്ദിച്ചിട്ടുണ്ടോ; ഇത്തരം പദ്ധതികളിലെ കേന്ദ്രവിഹിതത്തിന്റെ അനുപാതത്തിൽ ഉണ്ടായ കുറവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളുടെ റിലീസ്, വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലൂടെ പി.എഫ്.എം.എസ് പോർട്ടൽ മുഖേന നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിൻപ്രകാരം ഏതെങ്കിലുമൊരു കേന്ദ്രാവിഷ്കൃത പദ്ധതി പൂർണ്ണമായും പുതിയ മാർഗ്ഗ നിർദ്ദേശം/നടപടിക്രമം അനുസരിച്ച് നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമായി കേരള മാറിയിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. അമൃത്, സ്മാർട്ട് സിറ്റി പദ്ധതികൾ മുഖേനയാണ് ഈ നേട്ടം സംസ്ഥാനം കൈവരിച്ചത്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളേയും പുതുക്കിയ നടപടി ക്രമത്തിലേയ്ക്ക് മാറ്റുന്നത് പുരോഗമിച്ച് വരുന്നു. പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റ പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനു ശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ |

| | | | |
|---|---|---|---|
| | | | കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്. കോർ ഓഫ് ദ കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്. കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയി ട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു. ഓപ്ഷണൽ ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. എന്നാൽ, 2021-22 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ബജറ്റ് പ്രകാരം കോർ സ്കീമുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുള്ളതായി കാണുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണത്തിലും അനുപാതത്തിലും വന്ന കുറവ് പദ്ധതികളുടെ കേന്ദ്ര വിഹിതത്തിലും പ്രതിഫലിക്കുന്നുണ്ട്. |
| (ബി) | കേന്ദ്രത്തിൽ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിന് ന്യായമായും ലഭിക്കേണ്ടിയിരുന്ന പദ്ധതി വിഹിതത്തിലെ കുറവ് പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളുടെ റിലീസ്, വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലൂടെ പി.എഫ്.എം.എസ് പോർട്ടൽ മുഖേന നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിൻപ്രകാരം ഏതെങ്കിലുമൊരു കേന്ദ്രാവിഷ്കൃത പദ്ധതി പൂർണ്ണമായും പുതിയ മാർഗ്ഗ നിർദ്ദേശം/നടപടിക്രമം അനുസരിച്ച് നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമായി കേരള മാറിയിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. അമൃത്, സ്മാർട്ട് സിറ്റി പദ്ധതികൾ മുഖേനയാണ് ഈ നേട്ടം സംസ്ഥാനം കൈവരിച്ചത്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളേയും പുതുക്കിയ നടപടി ക്രമത്തിലേയ്ക്ക് മാറ്റുന്നത് പുരോഗമിച്ച് വരുന്നു. പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെയും വിഹിതം കുറച്ച് 60:40അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനു ശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്. കോർ ഓഫ് ദ കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്. കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയി ട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു. ഓപ്ഷണൽ ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. എന്നാൽ, 2021-22 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ബജറ്റ് പ്രകാരം കോർ സ്കീമുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുള്ളതായി കാണുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണത്തിലും അനുപാതത്തിലും വന്ന കുറവ് പദ്ധതികളുടെ കേന്ദ്ര വിഹിതത്തിലും പ്രതിഫലിക്കുന്നുണ്ട്. |
| (സി) | കേന്ദ്രസഹായത്തോടെയോ കേന്ദ്രവിഹിതത്തോടെയോ സംസ്ഥാനത്ത് നടപ്പാക്കേണ്ടുന്ന വിവിധ പദ്ധതികൾക്ക് അപ്രായോഗികമായ നിർദ്ദേശങ്ങളും നിബന്ധനകളും വച്ച് കേന്ദ്രവിഹിതം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നതും നിഷേധിക്കുന്നതും സംസ്ഥാനത്തെ വികസനപ്രവർത്തനത്തിന് ഗുണകരമാവില്ലെന്ന കാര്യം കേന്ദ്രസർക്കാരിനെ ബോധിപ്പിക്കുന്നതിന് നടത്തിയ ശ്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ ദേശീയതലത്തിൽ എല്ലാ സംസ്ഥാനങ്ങളുടേയും ആരോഗ്യ, സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, അടിസ്ഥാനസൗകര്യ വികസന, ജീവിത നിലവാര സൂചികകൾ എന്നിവ പൊതുവായി പരിഗണിച്ചാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, രാജ്യത്തെ ഭൂരിഭാഗം സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ആരോഗ്യ, സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, അടിസ്ഥാനസൗകര്യ വികസന, ജീവിത നിലവാര സൂചികകളിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം, ഇത്തരത്തിൽ |

| | | | |
|---|---|---|---|
| | | | നിശ്ചയിക്കപ്പെട്ടിട്ടുള്ള മിക്ക മാനദണ്ഡങ്ങളും പ്രായോഗികമാകാതെ വരുന്നു. ഈ സാഹചര്യത്തിൽ, സംസ്ഥാനങ്ങളുടെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനരാവിഷ്കരിച്ച് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ പദ്ധതികളുടെ മാനദണ്ഡങ്ങളിൽ അയവു വരുത്തുന്നത് വഴി പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുന്നതാണ്. പ്രസ്തുത വിഷയത്തിന്മേൽ 08/11/2019 - ൽ പതിനാലാം കേരള നിയമസഭ പതിനാറാം സമ്മേളനത്തിൽ അനൗദ്യോഗിക പ്രമേയം പാസ്സാക്കിയിട്ടുള്ളതും പകർപ്പ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി നീതി ആയോഗ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം 60 ശതമാനത്തിൽ നിന്ന് 75 ശതമാനമായി പുനസ്ഥാപിക്കണമെന്ന് 2021 ഫെബ്രുവരി 21 ന് നടന്ന നീതി ആയോഗിന്റെ ആറാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിൽ ബഹു. മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. |

സെക്ഷൻ ഓഫീസർ